**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6289** **10-11-2021 - ൽ മറുപടിയ്ക്ക്**

**വെട്ടം കുഞ്ഞൂളിക്കടവ് പാലം, റോഡ് എന്നിവയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ മണ്ഡലത്തിലെ വെട്ടം കുഞ്ഞൂളിക്കടവ് പാലവും റോഡും നിർമ്മിക്കുന്നതിനായി വെട്ടം, തലക്കാട് വില്ലേജുകളിൽ നിന്നും എത്ര ഭൂമിയാണ് ഏറ്റെടുത്തതെന്നും അതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | തിരൂർ നിയോജക മണ്ഡലത്തിലെ കുഞ്ഞൂലിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് വെട്ടം വില്ലേജിലെ 0.056 Hec ഭൂമിയും തലക്കാട് വില്ലേജിലെ 0.15 hecഭൂമിയുമാണ് ഏറ്റെടുത്തിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് 09.11.2011 ൽ 50 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ട് കാലങ്ങളായിട്ടും സാധാരണക്കാരായ ആളുകളുടെ ഭൂമി ഏറ്റെടുത്ത പണം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലമെടുപ്പിന് 09.11.2011 ൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലെ മാർക്കറ്റ് വില ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറക്ക് റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാക്കി ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും |
| (സി) | ഭൂഉടമകൾക്ക് പ്രസ്തുത തുക നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. പ്രസ്തുത പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലമെടുപ്പിന് 09.11.2011 ൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലെ മാർക്കറ്റ് വില ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറക്ക് റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാക്കി ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും |

സെക്ഷൻ ഓഫീസർ